**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1431** **01-02-2024 - ൽ മറുപടിയ്ക്ക്**

**നീന്തൽ , പ്രഥമ ശുശ്രൂഷ എന്നിവയിൽ പ്രായോഗിക പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ ജലാശയങ്ങളിലും മറ്റും മുങ്ങിമരിക്കുന്നതും അതുപോലെ പ്രഥമ ശുശ്രൂഷ സംബന്ധമായ പ്രായോഗിക പരിശീലനം വിദ്യാഭ്യാസ കാലഘട്ടത്തിൽ ലഭിക്കാത്തത് മൂലം ഹൃദയാഘാതം, റോഡ് അപകടങ്ങൾ, പാമ്പ്കടി തുടങ്ങിയ അടിയന്തര ശുശ്രൂഷ ആവശ്യമായ ഘട്ടങ്ങളിൽ അവർക്ക് കൃത്യമായ ഇടപെടൽ നടത്താൻ കഴിയുന്നില്ല എന്നുമുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ സ്കൂൾ പാഠ്യപദ്ധതിയിൽ നീന്തൽ പരിശീലനം, പ്രഥമ ശുശ്രൂഷ സംബന്ധമായ പ്രായോഗിക പരിശീലനം എന്നിവ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കും എന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി നീന്തൽപരിശീലനം, പ്രഥമ ശുശ്രൂഷ എന്നിവയെ സംബന്ധിച്ച് വിശദമായ ഉള്ളടക്കം വിവിധ പുസ്തകങ്ങളിൽ നേരിട്ടും ഉദ്ഗ്രഥിത രീതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് നിലവിൽ എത്ര പൊതുവിദ്യാലയങ്ങളിൽ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകി വരുന്നുണ്ട്; ആയത് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന് കായിക വകുപ്പുമായി ചേർന്ന് പദ്ധതി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കുമോ ? | (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തെരഞ്ഞെടുത്ത വിവിധ വിദ്യാലയങ്ങളിൽ നീന്തൽ പരിശീലനം നൽകി വരുന്നുണ്ട്. കായിക വകുപ്പിന്റെ നേതൃത്വത്തിൽ പഞ്ചായത്ത്, സ്പോർട്സ് കൗൺസിലുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ നീന്തൽ പരിശീലനത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ